## പുണ്യതോയ

പ്രതിഭാ റായ്



വർഷ എന്ന മധ്യവർഗ്ഗസ്ത്രീയുടെ ജീവിതം ഉദ്വേഗജനകമായ മുഹൂർത്തങ്ങളിലൂടെ ആത്മകഥാരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. സ്ത്രീജീവിതത്തിന്റെ താരള്യവും പ്രണയവും വിരഹവും സാഫല്യവും തുടങ്ങിയ വിചാര വികാരങ്ങളെ വളരെ മനോഹരമായി വരച്ചു കാട്ടുന്ന ഈ നോവൽ ജ്ഞാനപീഠ പുരസ്കാര സമ്മാനിത പ്രതിഭാ റായ്‌യുടെ പ്രശസ്തമായ ഒറിയ നോവലിന്റെ പരിഭാഷയാണ്.

**വിവർത്തനം: സരോജിനി ഉണ്ണിത്താൻ**


കവർ ഡിസൈൻ: **അനീഷ് ഉതിമൂട്**

**ഡിസി ബുക്സ്**

www.dcbooks.com

ISBN 978-81-264-6608-5

9 788126 466085

നോവൽ

E-book available

₹ 240


പുണ്യതോയ • പ്രതിഭാ റായ്

dcb

ജ്ഞാനപീഠപുരസ്കാര സമ്മാനിത

# പ്രതിഭാ റായ്

# പുണ്യതോയ



dcb

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1640

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

**COLLEGE OF AVIAN SCIENCES & MANAGEMENT**

**KVASU CAMPUS, THIRUVAZHAMKUNNU**

Acc. No. 1640 Call No. ..........................

**This book should be returned on or before the date last given below.**

| | | |
|---|---|---|
| | | |

## പ്രതിഭാ റായ്

1943 ജനുവരി 21-ന് ഒറീസയിലെ കട്ടക് ജില്ലയിൽ ജനിച്ചു. മെഡിക്കൽ ബിരുദപഠനം ഉപേക്ഷിച്ച് സസ്യശാസ്ത്രത്തിൽ ബിരുദം നേടി. വിദ്യാഭ്യാസം എന്ന വിഷയത്തിൽ ബിരുദാനന്തരബിരുദവും വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ പിഎച്ച്.ഡി.യും. ഒറീസയിലെ വിവിധ കോളജുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചശേഷം സർവീസിൽനിന്ന് വോളണ്ടറി റിട്ടയർമെന്റ് വാങ്ങി ഒറീസ പബ്ലിക് സർവീസ് കമ്മീഷനിൽ മെമ്പറായി. നവീനസാഹിത്യകാരന്മാർക്കുള്ള കേന്ദ്ര വിദ്യാഭ്യാസ സാമൂഹ്യക്ഷേമവകുപ്പിന്റെ അവാർഡ് (1977), ഭാരതീയ ജ്ഞാനപീഠത്തിന്റെ മൂർത്തിദേവി അവാർഡ് (1991), ഭാരതീയ ജ്ഞാനപീഠ പുരസ്കാരം (2011) എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾക്ക് അർഹയായിട്ടുണ്ട്. 18 നോവലുകളും 22 കഥാസമാഹാരങ്ങളും മൂന്ന് യാത്രാവിവരണങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ പലതും മിക്ക ഭാരതീയ ഭാഷകളിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

## സരോജിനി ഉണ്ണിത്താൻ

1936-ൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ജനനം. 1959 മുതൽ 1990 വരെ ഒഡീഷായിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. *ചുഴികൾ, വൈരുദ്ധ്യങ്ങൾ, മുക്തി, അവൾ കാത്തിരിക്കും, ഊന്നുവടി, ഗൗരീശങ്കരം, നിഴലുകൾ* തുടങ്ങിയവയാണ് പ്രധാനപ്പെട്ട രചനകൾ. 2011-ൽ സമഗ്രസംഭാവനയ്ക്കുള്ള സമന്വയം അവാർഡ്, 2015-ൽ സംസ്കാര സമഗ്ര സാഹിത്യപുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### പ്രതിഭാ റായ്‌യുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

വനം
മഹാമോഹം
ദ്രൗപദി
പുണ്യതോയ

പ്രതിഭാ റായ്

# പുണ്യതോയ

(ഒറിയ)

വിവർത്തനം
**സരോജിനി ഉണ്ണിത്താൻ**

ഡി സി ബുക്സ്

Malayalam Language
Original Oriya Title
Punyatoya
Literature/Fiction
*by* Prathibha Ray
Malayalam Title
Punyatoya
*Translated by* Sarojini Unnithan
© Prathibha Ray
This edition was published by arrangement with Prathibha Ray, Akhyalia,
27 Gajapati Nagar, Sainik School P.O., Bhubaneswar, Orissa-751005
All Rights reserved
First Published February 2016
PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336
Distributors
D C Books-Current Books
D C Books Library Cataloguing in Publication Data
Prathibha Ray.
Punyatoya/ Prathibha Ray.,
Malayalam translation / Sarojini Unnithan.
288 p., 21 cm.
ISBN 978-81-264-6608-5.
Malayalam translation of 'Punyatoya.'
1. Oriya novel. 2. Malayalam translation. I. Title. II. Title- English. III. Sarojini Unnithan.
891.453-dc 22.
No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.
ISBN 978-81-264-6608-5
Printed in India
at D C Press, Kottayam, INDIA.
D C BOOKS - The first Indian Book Publishing House to get ISO Certification
₹ 240
773/15-16-Sl.No. 15105-dcb 6310- 1000-6017-02-16-Itc 17.0-p dd-r ar-d bs

# ആമുഖം

ഒഡീഷായിലെ സുദീർഘമായ ജീവിതകാലത്ത് ഒഡിയാ ഭാഷ പഠിക്കുവാനും ആ ഭാഷയിലെ സാഹിത്യവുമായി സാമാന്യമായി പരിചയപ്പെടുവാനുമുള്ള സൗഭാഗ്യം എനിക്കുണ്ടായി. 2011-ലെ ജ്ഞാനപീഠ പുരസ്കാരം ഡോ. പ്രതിഭാ റായ്ക്കാണെന്നറിഞ്ഞപ്പോൾ ആ മഹതിയുടെ പല കൃതികളും വായിച്ചിട്ടുള്ള എനിക്ക് അവയിൽ ഏതെങ്കിലുമൊന്ന് മലയാളത്തിലേക്കു പരിഭാഷപ്പെടുത്തണമെന്ന് ആഗ്രഹം തോന്നി. ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ ആ പ്രശസ്തയായ എഴുത്തുകാരി എനിക്കു തർജ്ജമ ചെയ്യാൻ തിരഞ്ഞെടുത്തു തന്ന കൃതിയാണ് *പുണ്യതോയ.*

പുരുഷകേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥിതികളുടെ ബലിയാടുകളായി നിഷ്കളങ്കരായ സ്ത്രീകൾക്കുപോലും അനുഭവിക്കേണ്ടിവരുന്ന ദുഃഖത്തിന്റെയും ദുരിതങ്ങളുടെയും ആകെത്തുകയാണ് *പുണ്യതോയ* എന്ന ഈ നോവൽ. മധുരമായ പ്രണയം ഉള്ളിലൊതുക്കി സാഗരോന്മുഖമായി പ്രവഹിച്ച പുണ്യതോയയ്ക്ക് സാഗരത്തിന്റെ വിരിമാറിൽ അമർന്നിട്ടും ആകസ്മികമായ വേലിയേറ്റത്തിന്റെ തള്ളലിൽപെട്ട് ചെറുതടാകമായി നെഞ്ചിൽ നിറഞ്ഞ ഉപ്പുരസത്തിന്റെ നീറ്റലുമായി കഴിയേണ്ടിവന്ന കഥയാണിത്.

ഈ നോവൽ പരിഭാഷപ്പെടുത്തുവാൻ സൗഹൃദപൂർവ്വം എനിക്ക് അനുവാദം തന്ന ഡോ. പ്രതിഭാ റായോടും ഇതിന്റെ പ്രസാധനച്ചുമതല ഏറ്റെടുത്ത ഡി സി ബുക്സിനോടും എനിക്കു കൃതജ്ഞതയുണ്ട്.

ഈ കൃതി മലയാളസാഹിതിയുടെ കാല്ക്കൽ ഞാൻ സവിനയം കാഴ്ചവയ്ക്കുകയാണ്.

**സരോജിനി ഉണ്ണിത്താൻ**

ഞാൻ—

വർഷ.

വർഷ പുഴയായിത്തീരുന്നു. പുഴയിൽ വെള്ളപ്പൊക്കമുണ്ടാവുന്നു. വെള്ളപ്പൊക്കം സാഗരത്തിൽ ലയിക്കുന്നു. തന്റെ ഹൃദയത്തിലെ മധുരിമകൊണ്ട് അവൾ സാഗരത്തെ മധുരമുള്ളതാക്കി മാറ്റുന്നില്ല. മറിച്ച്, സാഗരത്തിന്റെ തടയാനാവാത്ത വേലിയേറ്റത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങി അവൾ സ്വയം ഉപ്പുരസമുള്ളവളായി മാറുന്നു.

കടലിന്റെ വിശാലമായ മാറിൽ സ്വയം അലിഞ്ഞുതീരുന്ന നദി ഒരിക്കലും കടലിനോടു ചോദിക്കുന്നില്ല. കടലിന്റെ പ്രേമം അവളോടുമാത്രമുള്ളതാണോ അല്ലയോ എന്ന്. സാഗരഹൃദയത്തിൽ ലയിക്കുന്ന മറ്റു പ്രേമികമാരുടെ എണ്ണം അവൾ അന്വേഷിക്കുന്നില്ല. കാരണം അവൾ നദിയാണ്. നദി നാരിയാണ്. കാമുകിയാണ്. സമുദ്രത്തിന്റെ പ്രേമം ഒരുവളിൽമാത്രം ഒതുങ്ങുന്നതാണോ എന്നു ചോദിക്കാനുള്ള അധികാരം അവൾക്കില്ല. നദിയുടെ ജീവിതത്തിലാകട്ടെ, സാഗരംമാത്രമാണ് ഒരേയൊരു കാമുകൻ.

സാഗരവുമായുള്ള സംഗമത്തിനായി പുഴ എത്രയോ ദൂരം താണ്ടിയെത്തുന്നു! പലപ്പോഴും അവൾ ഉപ്പുരസമുള്ളവളായി പ്രവാഹം തുടരുന്നു. പലപ്പോഴും ഗതിതന്നെ തടസ്സപ്പെടുന്നു. എന്നാലും അവൾ തന്റെ ലക്ഷ്യം ഉപേക്ഷിക്കുന്നില്ല. കടലിന്റെ കണ്ണുകളിലെ നീലിമ സ്വപ്നം കണ്ട് നൃത്തം വച്ചുവച്ച് അവൾ മുന്നോട്ടുതന്നെ ഒഴുകുന്നു.

പക്ഷേ, ഞാൻ, അക്കാലത്തെ ആ ഗ്രാമീണകന്യക താരുണ്യത്തിന്റെ ജലപ്പെരുപ്പത്തിൽപ്പെട്ടു പുഴയായി മാറി. സൃഷ്ടിയുടെ അലംഘനീയമായ നിയമമനുസരിച്ചു സാഗരോന്മുഖമായി പ്രവഹിക്കുകയായിരുന്നു. ഞാൻ കൊടുങ്കാറ്റു സൃഷ്ടിച്ചില്ല. പ്രതികൂലമാർഗ്ഗത്തിലൂടൊഴുകി ഉപ്പു രസമുള്ളവളായി പരിണമിച്ചുമില്ല. സാഗരഹൃദയത്തിൽ സ്വന്തം അസ്തിത്വം നഷ്ടപ്പെട്ട്, പരിത്യക്തയായ ഒരു തടാകമായിത്തീരുകയായിരുന്നു ഞാൻ.

എന്റെ ഹൃദയത്തിന്റെ സകലമാധുര്യവും വാരിധിയുടെ ഹൃദയത്തിൽ ലയിപ്പിച്ച് ഉപ്പുരസമുള്ള സാഗരജലം ഉള്ളിൽ നിറച്ച് ജീവിതം മുഴുവൻ ഞാൻ ആർക്കും വേണ്ടാത്തവളായി കഴിഞ്ഞു. ആ ഉപ്പുരസത്തിന്റെ യാതനയുമായി ജീവിതകാലം മുഴുവൻ ഞാൻ നീറിക്കൊണ്ടിരുന്നു.